പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2109

16.08.2017 ലെ മറുപടിക്ക്

## കയർ വ്യവസായം ആധുനികവൽക്കരിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. കെ. ദാസൻ<br>ശ്രീ. വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.രണ്ടാം പുന:സംഘടനാ പദ്ധതി<br>2.എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം.<br>3.ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുളള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം<br>4.കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം<br>5. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>6. പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>7.നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്.<br><br>ഇതു കൂടാതെ ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. MGNREGS പ്രവർത്തികളിൽ വ്യാപകമായി കയർ ജിയോ ടെക്സ്റ്റൈയിൽസ് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജിയോ ടെക്സ്റ്റൈയിൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാൻറ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു.<br>കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുകയും, പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി |

| | |
|---|---|
| | കയർ ഉൽപന്നങ്ങൾ വിറ്റഴിച്ച് വരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000/- രൂപയുടെ തിരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദ്വിമുഖ തന്ത്രം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | ബി)&സി)<br>പരമ്പരാഗത കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്ക്കരണത്തിലേക്ക് എത്തിച്ചേരുക എന്ന ദ്വിമുഖ തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| സി) കയർമേഖലയിൽ പരമ്പരാഗതമായി ജോലി ചെയ്യുന്നവരുടെ തൊഴിൽ ലഭ്യതയെ പ്രതികൂലമായി ബാധിക്കാത്തവിധം ഈ മേഖലയെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്; | |
| ഡി) പരമ്പരാഗതമായി കയർമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിരമായി ജോലിയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി)<br>പരമ്പരാഗതമായി കയർ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിരമായി ജോലിയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>നിയന്ത്രിതയന്ത്രവത്ക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുമ്പോൾ പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. ഈ പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ |

| | |
|---|---|
| | ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ